സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത

1451. [2191] ശ്രീ. കെ. ശങ്കരനാരായണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി –യായി തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നു മുതൽ ;

(സി) അതിന്റെ അടിസ്ഥാനത്തിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 17-5-1985 മുതൽ

(സി) സെക്രട്ടേറിയറ്റ് ധനകാര്യവകുപ്പിൽ 3 പേരെ നിയമിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ

1452. [2192] ശ്രീ. സി. ടി. അഹമ്മദ് അലി :

,, പി. എം. അബൂബക്കർ :

,, എം. പി. ഇസഹാക്ക് കുരിക്കൾ :

,, പി. കെ. കുഞ്ഞാലിക്കുട്ടി :

,, നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ലാസ്റ്റ് ഗ്രേഡ് സർവീസിൽ എത്ര ജീവനക്കാരുണ്ട് ;

(ബി) അവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ 663, ധനകാര്യ വകുപ്പിൽ 108, നിയമവകുപ്പിലെ ജീവനക്കാരുടെ എണ്ണത്തെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) ജാതി തിരിച്ചുള്ള വിവരം ശേഖരിക്കുന്നത് ഗവൺമെന്റിന്റെ നയമല്ലാത്തതിനാൽ, അപ്രകാരമുള്ള കണക്ക് ലഭ്യമല്ല.

സെക്രട്ടേറിയറ്റിലെ ശിപായിമാരുടെ സ്ഥലംമാറ്റം

1453. [2193] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ ശിപായിമാരുടെ സ്ഥലംമാറ്റങ്ങൾക്ക് എന്തെങ്കിലും പൊതുമാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഒരു വകുപ്പിൽ എത്ര വർഷംവരെ ജോലി ചെയ്യാൻ അനുവദിക്കും ;

(സി) പൊതുഭരണ വകുപ്പിൽ അഞ്ചുവർഷത്തിൽ കൂടുതൽ കാലം ജോലിനോക്കിയിട്ടുള്ളവർ എത്ര ;

(ഡി) അഞ്ചുവർഷത്തിൽ കൂടുതൽ കാലം പൊതുഭരണ വകുപ്പിൽ ജോലി നോക്കി വരുന്ന ശിപായിമാരെ മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly